(സി) ഇതു സംബന്ധിച്ച സർക്കാർ വിജ്ഞാപനം നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലെ ഫീൽഡ് വിഭാഗം ജീവനക്കാരായ ജെ.പി.എച്ച്.എൻ തസ്തികയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ട്. മറ്റ് തസ്തികകൾക്ക് സ്പെഷ്യൽ റൂൾ നിലവിലില്ല.

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലെ ഫീൽഡ് വിഭാഗം ജീവനക്കാരിൽ സ്പെഷ്യൽ റൂൾസ് ബാധകമല്ലാത്ത തസ്തികകളില്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ആറനാട് ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടി

18 (4821) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ആറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളെ തൃശ്ശൂർ കൊരട്ടിയിലെ ലെപ്രസി സാനറ്റോറിയത്തിലേക്ക് കൊണ്ടുപോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തൃശ്ശൂർ കളക്ടർ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആറനാട് ലെപ്രസി സാനറ്റോറിയത്തിലെ അന്തേവാസികളുടെ വിവരങ്ങൾ ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുള്ളത് ലഭ്യമാക്കുമോ ;

(ഡി) വിവരശേഖരണം എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ;

(ഇ) ലെപ്രസി സാനറ്റോറിയം ആറനാട് നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജി) ലെപ്രസി സാനറ്റോറിയത്തെ താലൂക്കാശുപത്രിയാക്കുന്നതിനായി ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ 71 സ്ത്രീകളും 110 പുരുഷന്മാരും ഉൾപ്പെടെ 181 അന്തേവാസികളാണ് നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലുള്ളത്. അതിൽ 159 പേർ വികലാംഗരാണ്. അന്തേവാസികളിൽ 90 ശതമാനംപേരും വൃദ്ധരാണ്.

(ഡി) നൂറനാട് ലെപ്രസി സാനറ്റോറിയം സൂപ്രണ്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

(ഇ) കോഴിക്കോട് ജില്ലയിലെ ചേവായൂർ, ആലപ്പുഴയിലെ നൂറനാട് എന്നീ കേന്ദ്രങ്ങളിലെ അന്തേവാസികളെക്കൂടി കൊരട്ടി ഗാന്ധിഗ്രാം ആശുപത്രിയിൽ കൊണ്ടുവന്ന് സംരക്ഷിക്കാവുന്നതാണെന്ന ഒരു നിർദ്ദേശം തൃശ്ശൂർ ജില്ലാ കളക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയും സർക്കാർ ഈ നിർദ്ദേശത്തിന്റെ പ്രായോഗികത പരിശോധിക്കുകയുമുണ്ടായി. പ്രസ്തുത നിർദ്ദേശം നിലവിലെ സാഹചര്യത്തിൽ പ്രയോഗികമല്ലെന്നും അന്തേവാസികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുമെന്നും വിലയിരുത്തിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ഒന്നുംതന്നെ സർക്കാർ തലത്തിലുണ്ടായില്ല.

(എഫ്&ജി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിഷാംശം കലർന്ന മത്സ്യം വിപണനത്തിന്

19 (T4822) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ വസ്തുക്കൾ കണ്ടെത്തിയതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly